മലയോരവികസന അതോറിറ്റിയും തീരദേശ വികസന അതോറിറ്റിയും രൂപീകരണം

21 [2451] *ശ്രീ. എ. കെ. ബാലൻ:*

„ *കെ. കെ. ജയചന്ദ്രൻ:*

„ *രാജു എബ്രഹാം:*

„ *കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോരവികസന അതോറിറ്റിയും തീരദേശവികസന അതോറിറ്റിയും രൂപീകരിക്കുന്നതുസംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇവയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും;

(സി) ഇതിനായി 2001 മുതൽ 2005-06 വരെയുള്ള സംസ്ഥാന ബഡ്ജറ്റിൽ എന്തു തുകവീതം നീക്കിവച്ചിരുന്നു; ഇതിൽ എന്തു തുക ചെലവഴിച്ചു;

(ഡി) തീരദേശ വികസന അതോറിറ്റി, മലയോര വികസന അതോറിറ്റി രൂപീകരണങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് പറയാമോ?

ഉത്തരം

(എ) & (ബി) മലയോരവികസന ഏജൻസിയും തീരദേശ വികസന ഏജൻസിയും രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. മലയോരവികസന ഏജൻസിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും നിയമാവലിയും അംഗീകരിച്ചിട്ടുണ്ട്.

തീരദേശ വികസന ഏജൻസിയുടെ പ്രവർത്തനത്തിന് ഒരു ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചു. ഈ ഏജൻസി പ്രവർത്തിക്കുന്നതിനാവശ്യമായ രൂപരേഖ തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

ഈ രണ്ട് ഏജൻസികളും തിരുവിതാംകൂർ-കൊച്ചി ലിറ്റററി സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട്, 1955 പ്രകാരം രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടില്ല.

(ഡി) ഈ ഏജൻസികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly